സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

**പീപ്പിൾസ് റിവ്യൂ**
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 19 തിങ്കൾ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



ജയ്ഹോ... ഇന്റർ കോണ്ടിനെന്റൽ ഫൈനലിൽ ലെബനാനെതിരേ ആദ്യ ഗോൾ നേടിയ ഇന്ത്യൻ ക്യാപ്റ്റൻ സുനിൽ ഛേത്രിയുടെ ആഹ്ലാദം

# മഴയിൽ മുങ്ങി ചെന്നൈ

## വിമാനങ്ങൾ തിരിച്ചുവിട്ടു, സ്കൂളുകൾക്ക് അവധി

ചെന്നൈ: ശക്തമായ മഴയിൽ മുങ്ങി ചെന്നൈ. ചെന്നൈയെ കൂടാതെ തഞ്ചാവൂർ, രാമനാഥപുരം, നാഗപട്ടണം, തിരുവാരൂർ, കൂഡല്ലൂർ, വില്ലുപുരം, മലിയാടുതുറൈ, ചെങ്കൽപേട്ട്, കാഞ്ചിപുരം, കള്ളകുറിച്ചി, തിരുവള്ളൂർ, അരിയലൂർ, പെരംബലൂർ, ശിവഗംഗ, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലും ശക്തമായ മഴ ബാധിച്ചു. ചെന്നൈ നഗരത്തിൽ റോഡുകളിലാകെ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു.

പലയിടങ്ങളിലും മരങ്ങൾ കടപുഴകി വീണു. ഇന്റർനെറ്റ് കേബിളുകളും മറ്റ് ആശയവിനിമയ സംവിധാനങ്ങളും തകർന്നനിലയിലാണ്. തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ വരവറിയിച്ചെത്തിയ മഴ മണിക്കൂറുകളോളം ശക്തമായി പെയ്തു. പിന്നീട് ശക്തി കുറഞ്ഞ് മഴ തുടർന്നതോടെയാണ് നഗരം വെള്ളത്തിൽ മുങ്ങിയത്.



ചെന്നൈയിലെ കതിപ്പാറ സബ്‌വേയുടെ അടിയിൽ നിന്നുള്ള കാഴ്ച

# കാനഡയിൽ ഖലിസ്ഥാൻ നേതാവ് വെടിയേറ്റ് മരിച്ചു; ആക്രമണം ഗുരുദ്വാരയിൽ

ഒട്ടാവ: ഖലിസ്ഥാൻ നേതാവും ഗുരു നാനാക് സിഖ് ഗുരുദ്വാര സാഹിബുമായ ഹർദീപ സിങ് നിജ്ജാർ കാനഡയിൽ വെടിയേറ്റ് മരിച്ചു. അജ്ഞാതരായ രണ്ടുപേർ ഞായറാഴ്ച വൈകിട്ടാണ് നിജ്ജാറിനെതിരേ വെടിയുതിർത്തത്. സംഘടനയുടെ പ്രവർത്തനം, പരിശീലനം, ധനകാര്യം തുടങ്ങിയവയെല്ലാം കൈകാര്യം ചെയ്തിരുന്നത് ഹർദീപ് സിങ് നിജ്ജാറായിരുന്നു. ജലന്ധർ സ്വദേശിയായ ഹർദീപ് സിങ് നിജ്ജാർ കാനഡ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഖലിസ്ഥാൻ ടൈഗർ ഫോഴ്സിന്റെ തലവനായിരുന്നു.രാജ്യത്ത് എൻ.ഐ.എ രജിസ്റ്റർ ചെയ്ത വിവിധ കേസുകളിൽ നിജ്ജാർ പ്രതിയാണ്. നേരത്തെ കേന്ദ്ര സർക്കാർ നടത്തിയ അന്വേഷണങ്ങളിൽ ഹർദീപ് സിങ് നിജ്ജാറിനെതിരേ നിരവധി ദേശവിരുദ്ധ പ്രവർത്തനങ്ങളുടെ തെളിവുകൾ ലഭിച്ചിരുന്നു. സാമൂഹ്യമാധ്യമങ്ങൾ വഴി സിഖ് നേതാവ് കുറ്റകരമായ പ്രസ്താവനകൾ, ആക്ഷേപകരമായ ഉള്ളടക്കം, വ്യാജ ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവയെല്ലാം പങ്കുവച്ചിരുന്നു. കലാപാഹ്വാന നീക്കങ്ങളും ഹർദീപ് സിങ് നിജ്ജാറിൽ നിന്നുണ്ടായിരുന്നു. ഈ തെളിവുകൾ അടിസ്ഥാനമാക്കി രാജ്യദ്രോഹം, കലാപാഹ്വാനം തുടങ്ങിയ കുറ്റങ്ങൾ ചുമത്തി എൻ.ഐ.എ കേസ് രജിസ്റ്റർ ചെയ്തിരുന്നു.2018ൽ അമരീന്ദർ സിങ് പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് കാനഡയ്ക്ക് കൈമാറിയ പിടികിട്ടാപുള്ളികളുടെ ലിസ്റ്റിൽ ഹർദീപ് സിങ് നിജ്ജാറിന്റെ പേരുമുണ്ടായിരുന്നു. പഞ്ചാബ് പോലീസ് അന്വേഷിക്കുന്ന വിവിധ കേസുകളിലും നിജ്ജാർ പ്രതിയാണ്. വർഷങ്ങൾക്ക് മുൻപ് ജലന്ധറിൽനിന്ന് കാനഡയിലേക്ക് കുടിയേറിയവരാണ് നിജ്ജാറിന്റെ കുടുംബം. രാജ്യദ്രോഹകേസുകളുടെ അടിസ്ഥാനത്തിൽ നിജ്ജാറിന്റെ പേരിലുള്ള ജലന്ധറിലെ ഭൂമിയും സ്വത്ത് വകകളും പോലിസ് കണ്ടുകെട്ടിയിരുന്നു.



ഹർദീപ് സിങ് നിജ്ജാർ

# പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കം

ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കം. അമേരിക്കൻ പ്രസിഡൻന്റ് ജോ ബൈഡന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. പ്രതിരോധ വാണിജ്യമേഖലകളിലെ സഹകരണം ഊട്ടിയുറിപ്പിക്കുക എന്നതാണ് പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശത്തിന്റെ ലക്ഷ്യം. വ്യാഴാഴ്ച്ചയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ചർച്ചകൾ നടക്കുക. അമേരിക്കൻ കോൺഗ്രസിനെ മോദി അഭിസംബോധന ചെയ്യും. ജെറ്റ് വിമാനങ്ങൾ മുതൽ സെമി കണ്ടക്ടർ രംഗത്തെ സഹകരണം അടക്കം വിവിധ മേഖലകളിൽ യോജിച്ച പ്രവർത്തനങ്ങളെ അടുത്തതലത്തിലേക്ക് എത്തിക്കുന്നതാകും സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. 21ന് ന്യൂയോർക്കിൽ നടക്കുന്ന യോഗദിന പരിപാടികൾക്കും മോദി നേതൃത്വം നൽകും. അമേരിക്കൻ സന്ദർശനത്തിന് പിന്നാലെ മോദി ഈജിപ്തിലേക്ക് പോകും.



# നടൻ പൂജപ്പുര രവി അന്തരിച്ചു

തിരുവനന്തപുരം: മലയാള സിനിമയിലെ മുതിർന്ന അഭിനേതാക്കളിൽ ഒരാളായ പൂജപ്പുര രവി അന്തരിച്ചു. മറയൂരിൽ മകളുടെ വീട്ടിൽ വച്ചാണ് മരണം. 86 വയസായിരുന്നു. ചെങ്കള്ളൂർ പൂജപ്പുര സ്വദേശിയാണ്. ശ്വാസം മുട്ടൽ അനുഭവപ്പെട്ടതിനെത്തുടർന്ന് വീട്ടിൽ നിന്നും ആശുപത്രിയിൽ എത്തിക്കുന്നതിനിടെ ഇന്നലെ രാവിലെ 11 മണിയോടെയാണ് മരണം.നാടകങ്ങളിലൂടെയാണ് പൂജപ്പുര രവി അഭിനയ ജീവിതം ആരംഭിച്ചത്. എസ്. എൽ പുരം സദാനന്ദന്റെ 'ഒരാൾ കൂടി കള്ളനായി' എന്ന നാടകത്തിൽ ബീരാൻകുഞ്ഞ് എന്ന കഥാപാത്രത്തെ അവതരിച്ചുകൊണ്ടാണ് വേദിയിലേക്കുള്ള കടന്നുവരവ്. കലാനിലയം ഡ്രാമാവിഷൻ എന്ന പ്രശസ്ത നാടക ട്രൂപ്പിന്റെ ഭാഗമായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. 1970കളുടെ പകുതിയോടെയാണ് രവി സിനിമയിലേക്ക് എത്തുന്നത്. ഹരിഹരന്റെ സംവിധാനത്തിൽ എത്തിയ അമ്മിണി അമ്മാവനിലൂടെയാണ് അദ്ദേഹത്തിന്റെ സിനിമയിലെ തുടക്കം. തുടക്കക്കാലത്ത് അദ്ദേഹം വളരെ ചെറിയ റോളുകളാണ് ചെയ്തിരുന്നത്. മുത്താരംകുന്ന് പി.ഒ, ഓടരുതമ്മാവാ ആളറിയാം, പൂരം തുടങ്ങിയ ചിത്രങ്ങളിലെ അദ്ദേഹത്തിന്റെ വേഷങ്ങൾ ഏറെ ശ്രദ്ധ നേടിയിരുന്നു. 600ൽ അധികം സിനിമകളിൽ പൂജപ്പുര രവി അഭിനയിച്ചിട്ടുണ്ട്. 1990കളോടുകൂടി അദ്ദേഹം സീരിയലുകളിലും അഭിനയിക്കാൻ തുടങ്ങി. 2016ൽ പുറത്തിറങ്ങിയ ഗപ്പിയാണ് അഭിനയിച്ച അവസാന ചിത്രം. മൃതശരീരം തിരുവനന്തപുരം പൂജപ്പുരയിലെ വസതിയിൽ രാത്രിയോടെ എത്തിക്കും. സംസ്കാര ചടങ്ങുകൾ നാളെ തിരുവനന്തപുരത്തു വച്ച് നടത്തുമെന്നാണ് കുടുംബാഗംങ്ങൾ അറിയിച്ചിരിക്കുന്നത്.



# സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്നു

## എല്ലാവരും എലിപ്പനി പ്രതിരോധ മരുന്ന് കഴിക്കണം

തിരുവനന്തപുരം: സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപിക്കുന്ന സാഹചര്യത്തിൽ സ്വയം ചികിത്സ പാടില്ലെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആവശ്യമായ പ്രതിരോധ നടപടികൾ സർക്കാർ നേരത്തെ തന്നെ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ ഉന്നതതല യോഗം ചേർന്ന് ജില്ലാ അധികാരികൾക്ക് ജാഗ്രതാ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എലിപ്പനി പ്രതിരോധ മരുന്ന് ഡോക്സിസൈക്ലിൻ കഴിക്കാൻ എല്ലാവരും തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു. എലിപ്പനി ബാധിച്ചവരിൽ അസുഖം പെട്ടന്ന് സങ്കീർണമാകുന്നതായി കണ്ടു വരുന്നുണ്ട്. അസുഖം വളരെ പെട്ടന്ന് കണ്ടെത്താൻ കഴിഞ്ഞവർഷം മുതൽ സംസ്ഥാനത്ത് ആർ.ടി.പി.സി.ആർ പരിശോധന നടത്തിവരുന്നുണ്ട്. ഇത് വഴി മണിക്കൂറുകൾക്കുള്ളിൽ തന്നെ എലിപ്പനി ആണോയെന്ന് സ്ഥിരീകരിക്കാനും ചികിത്സ തേടാനും സാധിക്കുന്നു. എലിപ്പനി പ്രതിരോധിക്കാൻ ഡോക്സിസൈക്ലിൻ കഴിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പ്രധാനമായും മണ്ണിൽ പണിയെടുക്കുന്നവരിലും കുഞ്ഞുങ്ങളിലും ഈ ശ്രദ്ധ അത്യാവശ്യമാണ്. പനിയെ നിസാരമായി കണ്ട് ആരും സ്വയം ചികിത്സയ്ക്ക് മുതിരരുതെന്ന് ആരോഗ്യ മന്ത്രി മുന്നറിയിപ്പ് നൽകി. പാരസെറ്റമോൾ കഴിച്ച് വീട്ടിലിരിക്കാതെ ഡോക്ടറെ കണ്ട് ചികിത്സ തേടണമെന്നും മന്ത്രി പറഞ്ഞു. പനി ബാധിതരുടെ എണ്ണം സംസ്ഥാനതലത്തിൽ പുറത്തുവിടും. മാധ്യമങ്ങളിലൂടെ വിവരങ്ങൾ പുറത്തുവരുന്നത് നല്ല ഫലം ചെയ്യും. കണക്കുകൾ നൽകരുതെന്ന നിർദേശം ഇല്ലെന്നും മന്ത്രി. പത്തനംതിട്ടയിൽ മൂന്ന് എലിപ്പനി മരണം റിപ്പോർട്ട് ചെയ്ത പശ്ചാത്തത്തിലായിരുന്നു മന്ത്രിയുടെ പ്രതികരണം. പകർച്ചനി ബാധിച്ചവർക്ക് ചികിത്സ ഉറപ്പാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ മാസം തന്നെ ആരോഗ്യവകുപ്പിന്റെ ഉന്നതതല യോഗം ചേരുകയും ജാഗ്രതാ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജൂൺ രണ്ടിന് സംസ്ഥാനത്തെ മുഴുവൻ പ്രധാന ആശുപത്രികളിലും പനി ക്ലിനിക്ക് ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും മുഴുവൻ ആശുപത്രികളിലും ആവശ്യത്തിന് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നിർദേശം നൽകിയിരുന്നു.കൊതുകുകളുടെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഊർജിതമായി നടക്കുന്നുണ്ട്. വീടുകൾക്കുള്ളിൽ കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കണം. ഇടവിട്ടുള്ള മഴ ഡെങ്കിപ്പനി വ്യാപിക്കാനും ശക്തമായ മഴ എലിപ്പനി വ്യാപിക്കാൻ കാരണമാകുമെന്നും ആരോഗ്യ മന്ത്രി കൂട്ടിച്ചേർത്തു.





കടൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളിക്ക് ഡെപ്യൂട്ടി കലക്ടർ ഇ.അനിതകുമാരി പ്രശംസാപത്രം നൽകുന്നു

# അനിൽകാന്ത് ഈ മാസം 30ന് വിരമിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ പുതിയ പോലിസ് മേധാവിയെ കണ്ടെത്താനുള്ള യോഗം ഇന്ന് ഡൽഹിയിൽ നടക്കും. സംസ്ഥാന സർക്കാർ നൽകിയ എട്ട് പേരുടെ പട്ടികയിൽ നിന്ന് മൂന്ന് പേരെ ഉന്നതതല യോഗം നിർദേശിക്കും. ഈമാസം 30നാണ് അനിൽകാന്ത് വിരമിക്കുന്നത്. ആറ് മാസം സർവീസ് ബാക്കി നിൽക്കെയാണ് അനിൽകാന്തിനെ ഡി.ജി.പിയായി സർക്കാർ നിയമിച്ചത്. പിന്നീട് രണ്ട് വർഷം കൂടി സർവീസ് നീട്ടി നൽകുകയായിരുന്നു. ഡി.ജി.പിമാരായ നിതിൻ അഗർവാൾ, കെ. പത്മകുമാർ, ഷെയ്ക്ക് ദർവേസ് സാഹിബ് എന്നിവരാണ് പട്ടികയിലെ ആദ്യ മൂന്ന് പേർ. പത്മകുമാർ, ഷെയ്ക്ക് ദർവേസ് സാഹിബ് എന്നിവരിൽ ഒരാൾ അടുത്ത പോലിസ് മേധാവിയാകാനാണ് സാധ്യത. രണ്ട് പേർക്കും രണ്ട് വർഷം സർവീസ് ബാക്കിയുണ്ട്.



# കോട്ടയത്ത് വീണ്ടും തെരുവ് നായ്ക്കളുടെ ആക്രമണം; പത്ത് പേർക്ക് കടിയേറ്റു

കോട്ടയം: മറവൻതുരുത്തിൽ നായകളുടെ ആക്രമണത്തിൽ ഒരു സ്ത്രീയടക്കം 10 പേർക്ക് കടിയേറ്റു. പരുക്കേറ്റവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ച ഉച്ചകഴിഞ്ഞാണ് നായകളുടെ ആക്രമണം ഉണ്ടാകുന്നത്. ഇതരസംസ്ഥാന തൊഴിലാളിയായ സ്ത്രീക്കാണ് ആദ്യം കടിയേൽക്കുന്നത്. ഇവരുടെ കാലിൽ പരുക്കുണ്ട്. രാത്രി മുഴുവൻ നായയ്ക്ക് വേണ്ടി തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. ആക്രമണം നടത്തിയതിൽ വളർത്തുനായയും ഉണ്ട്. വെള്ളിയാഴ്ച ചങ്ങനാശേരിയിൽ അഞ്ച് പേർക്ക് തെരുവുനായയുടെ ആക്രമണത്തിൽ പരുക്കേറ്റിരുന്നു.



# 'വായന വളരട്ടെ'

വായനയുടെ പ്രാധാന്യം ചർച്ച ചെയ്യേണ്ട ദിവസമാണിന്ന്. വായന മരിക്കുന്നൂ എന്ന മുറവിളി ഒരുഭാഗത്ത് ഉയരുന്നുണ്ട്. ഡിജിറ്റൽ യുഗത്തിൽ പുസ്തക-പത്ര വായനകൾ കുറയുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ വായന മറ്റൊരു രീതിയിൽ നടക്കുന്നുണ്ടെന്നത് ആശാവഹമാണ്. ഡിജിറ്റലായുള്ള വായന കൂടുതൽ യുവജനങ്ങളിലാണ് കാണുന്നത്. മൊബൈൽ വഴി കഥകളും കവിതകളും ലേഖനങ്ങളും വായിക്കപ്പെടുന്നുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ ധാരാളം എഴുത്തുകാരുടെ രചനകൾ വെളിച്ചം കാണുകയും അവർ പ്രോത്സാഹിപ്പിക്കപ്പെടുകയും എഴുത്തിന്റെ മേഖലയിൽ തുടരുന്നതും ദൃശ്യമാണ്. പുസ്തക പ്രസാധന രംഗത്തും നല്ല മുന്നേറ്റമുണ്ട്. ധാരാളം യുവ എഴുത്തുകാരുടെ രചനകൾ പബ്ലിഷ് ചെയ്യപ്പെടുന്നുണ്ട്. കൂട്ടായ സംരംഭങ്ങളിലൂടേയും പുസ്തകപ്രസാധനം നടക്കുന്നുണ്ട്.

ഇതെല്ലാം കാണിക്കുന്നത് വായന മരിക്കുന്നില്ല എന്നത് തന്നെയാണ്. കേരളത്തിലെ സുശക്തമായ ഗ്രന്ഥശാല പ്രസ്ഥാനം, ഗ്രാമങ്ങൾതോറുമുള്ള ലൈബ്രറികൾ, വായനശാലകൾ എല്ലാം സജീവമാണ്. അവിടങ്ങളിൽ മികച്ച ഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ എല്ലാം ലഭിക്കുന്നുമുണ്ട്. സർക്കാർ, സന്നദ്ധ സംഘടകൾ എല്ലാവരും ഗ്രന്ഥശാലകളുടെ പ്രവർത്തനം മികച്ചതായി കൊണ്ടുപോകാൻ ഇടപെടലുകൾ നടത്തുന്നുണ്ട്. പത്രം വായിച്ച് പ്രഭാതമാരംഭിക്കുക എന്നത് മലയാളികളുടെ ദിനചര്യയാണ്.

അതികാലത്ത് തന്നെ പത്രം വീടുകളിലെത്തുകയും അത് വായിക്കപ്പെടുന്നതും പതിവാണ്. ഡിജിറ്റൽ മീഡിയ ഉപയോഗിച്ചുള്ള വായനയെക്കാളും ഹൃദ്യമാകുന്നത് ഇത്തരത്തിലുള്ള വായനയാണ്. യുവതലമുറയെ കൂടുതലായി ഗ്രന്ഥശാല പ്രസ്ഥാനത്തിലേക്കും സാംസ്കാരിക മേഖലകളിലേക്കും ഇടപെടുവിക്കാനുള്ള പ്രവർത്തനങ്ങളുണ്ടാകണം. യുവജന സംഘടനകൾക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കും. മാതൃഭാഷയുടെ സംരക്ഷണത്തിനും വായന വളർത്തേണ്ടത് അനിവാര്യതയാണ്. ഈ വായനാദിനത്തിൽ വായന വളർത്താനുള്ള ഇടപെടലുകളാണ് വേണ്ടത്.






1. പവർ 'യോഗാ ഉത്സവ്' ഉദ്ഘാടനചടങ്ങിൽ നിന്ന് 2. യോഗാ പരിശീലനത്തിൽ നിന്ന്

# പവർ 'യോഗാ ഉത്സവ്' ശ്രദ്ധേയമായി

കോഴിക്കോട്: അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ ഭാഗമായി ഗോകുലം മാളും ആർവിയോൺസ് പവർ യോഗാ പരിശീലന കേന്ദ്രവും സംയുക്തമായി ഗോകുലം മാളിൽ സംഘടിപ്പിച്ച യോഗാ ഉത്സവ് ശ്രദ്ധേയമായി. മലബാറിൽ ആദ്യമായാണ് മാളിൽ യോഗാ പരിശീലന പ്രദർശനം നടക്കുന്നത്. ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് യോഗാ ഉത്സവ് സംഘടിപ്പിച്ചത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി പേരാണ് സൗജന്യ യോഗാ പരിശീലനത്തിൽ പങ്കെടുത്തത്. പരിപാടി വി.പി.കെ ദാസ് ഉദ്ഘാടനം ചെയ്തു. ആർവിയോൺസ് ഫൗണ്ടറും ചെയർമാനുമായ രഞ്ജിത്ത് ആർവിയോൺസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ബാലതാരം പാർവതി രാജഗോപാൽ, ബോക്സിങ് കോച്ച് രമേഷ്, മാക്സ് സീരീസ് ഫൗണ്ടർ രഞ്ജിത്ത് കുന്നുമ്മൽ, ബാസിൽ എന്നിവരെ ആദരിച്ചു. ഗോകുലം ഗലെറിയ മാർക്കറ്റിങ് മാനേജർ നൗഫൽ ഹംസ ആശംസകൾ നേർന്നു. ആർവിയോൺസ് പവർ യോഗാ പരിശീലക പ്രിന്റു സ്വാഗതവും ആർവിയോൺസ് സി.ഇ.ഒയും മാനേജിംഗ് ഡയരക്ടറുമായ നിഷ രഞ്ജിത്ത് നന്ദിയും പറഞ്ഞു. പരിപാടിയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# വിമാനനിരക്കിന് അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ

കുവൈറ്റ് സിറ്റി: അമിതമായ വിമാനനിരക്കിന് അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ. അവധി സമയത്തെ അമിതമായ വിമാനക്കൂലി പ്രവാസി കുടുംബങ്ങളെ രൂക്ഷമായി ബാധിക്കുന്ന സാഹചര്യത്തിലാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് പ്രവാസി ലീഗൽ സെല്ലിന്റെ ഇടപെടൽ.

ഇന്ത്യയിൽ വിമാനക്കൂലി നിർണയം നിലവിൽ സർക്കാർ നിയന്ത്രണത്തിലല്ല. കമ്പോളശക്തികൾ നിരക്ക് നിർണയിക്കുന്നു എന്ന വാദമാണ് കാലാകാലങ്ങളായി സർക്കാർ ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ കോടതിയുടെ ഇടപെടൽ ആവശ്യപെട്ട് പ്രവാസി ലീഗൽ സെൽ മുൻപ് കോടതിയെ സമീപിച്ചപ്പോൾ പോളിസി വിഷയമായതിനാൽ സർക്കാരാണ് നടപടി എടുക്കേണ്ടത് എന്നാണ് കോടതിയുടെ നിരീക്ഷണം. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രെസിഡന്റ് അഡ്വക്കേറ്റ് ജോസ് എബ്രഹാം കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഡൽഹി ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്ന് തൂക്കിനോക്കി വിലയീടാക്കുന്ന രീതി അവസാനിപ്പിച്ചുവെങ്കിലും അമിതമായ നിരക്കാണ് മൃതദേഹം നാട്ടിലെത്തിക്കാനായി വിമാനകമ്പനികൾ ഈടാക്കുന്നതെന്നും സൗജന്യമായി പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും നിവേദനത്തിൽ ആവശ്യപെടുന്നു. പ്രവാസി ലീഗൽ സെൽ നൽകിയ ഹർജിയിലാണ് ഡൽഹി ഹൈക്കോടതിയുടെ ഇടപെടലിനെ തുടർന്ന് മൃതദേഹം തൂക്കി നോക്കി നിരക്ക് ഈടാക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചത്. പ്രവാസികളെ മുഴുവനും വളരെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തരമായ ഇടപെടൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പ്രവാസി ലീഗൽ സെൽ കുവൈറ്റ് ജനറൽ സെക്രട്ടറി ബിജു സ്റ്റീഫൻ, കോ-ഓർഡിനേറ്റർ അനിൽ മൂടാടി എന്നിവർ അറിയിച്ചു.




ഹജ്ജ് വളണ്ടിയർ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് സി.പി മുസ്തഫ

# റിയാദ് കെ.എം.സി.സി ഹജ്ജ് വളണ്ടിയർ സംഗമം നടത്തി

റിയാദ്: ഹാജിമാർക്ക് സേവനം ചെയ്യുന്നതിനായി റിയാദിൽ നിന്നും രജിസ്റ്റർ ചെയ്ത വളണ്ടിയർമാരുടെ സംഗമം അപ്പോളൊ ഡിമോറ ഓഡിറ്റോറിയത്തിൽ നടന്നു. റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന സംഗമം പ്രസിഡന്റ് സി.പി മുസ്തഫ ഉദ്ഘാടനം ചെയ്തു. ഓർഗനൈസിംഗ് സെക്രട്ടറി ജലീൽ തിരൂർ അധ്യക്ഷത വഹിച്ചു. നൂറിൽപരം വളണ്ടിയർമാർ ഇത്തവണയും ഹജ്ജ് സേവനത്തിനായി റിയാദിൽ നിന്നും തിരിക്കുന്നുണ്ട്. സൗദി നാഷണൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന വളണ്ടിയർ സേവനത്തിൽ കൊറോണ കാലഘട്ടത്തിലൊഴികെ റിയാദിൽ നിന്നും നിരവധി പ്രവർത്തകരാണ് പങ്കെടുത്ത് വരുന്നത്. സ്വയം സേവന സന്നദ്ധരായി മുന്നോട്ട് വരുന്ന വളണ്ടിയർമാർ മൂന്ന് ദിവസം പൂർണമായും ഹജ്ജ് സേവനത്തിനായി മക്കയിലുണ്ടാവും. ഇന്ത്യൻ എംബസിയുടെ അംഗീകാരമുള്ള വളണ്ടിയർമാർ കെ.എം.സി.സിയുടെ പ്രത്യേക ഡ്രസ്കോഡ് അണിഞ്ഞാണ് സേവന രംഗത്തുണ്ടാവുക.പരിപാടിയിൽ കോയ വാഫി വയനാട് മുഖ്യപ്രഭാഷണം നടത്തി. അബ്ദുസലാം തൃക്കരിപ്പൂർ, യു.പി മുസ്തഫ, കബീർ വൈലത്തൂർ, മുജീബ് ഉപ്പട, ഷുഹൈബ് പനങ്ങാങ്ങര, അബ്ദുൽ മജീദ് പയ്യന്നൂർ, അഡ്വ. അനീർ ബാബു, സിദ്ധീഖ് തുവ്വൂർ, നിയാസ് ഇസ്മായിൽ എന്നിവർ സംസാരിച്ചു. റസാഖ് വളക്കൈ, ബാവ താനൂർ, അക്ബർ വേങ്ങാട്ട്, അബ്ദുറഹ്മാൻ ഫറോക്ക്, മുഹമ്മദ് വേങ്ങര, നജീബ് നെല്ലാങ്കണ്ടി, ഷൗക്കത്ത് പാരിപ്പള്ളി, അൻവർ വാരം, ഷാഫി സെഞ്ചുറി, അഷ്റഫ് വെള്ളെപ്പാടം, കുഞ്ഞിപ്പ തവനൂർ, അബ്ദുൽഖാദർ വെന്മനാട്, മെഹബൂബ് കണ്ണൂർ, സലിം ഗുരുവായൂർ എന്നിവർ നേതൃത്വം നൽകി. കെ.ടി അബൂബക്കർ സ്വാഗതവും മാമുക്കോയ ഒറ്റപ്പാലം നന്ദിയും പറഞ്ഞു.

# സലിം രാജിന് ഫോക്കസ് കുവൈറ്റ് യാത്രയയപ്പ് നൽകി

കുവൈറ്റ്സിറ്റി: പ്രവാസത്തിന്റെ കാൽനൂറ്റാണ്ട് സേവനം കൊണ്ടും എപ്പോഴും നിറ പുഞ്ചിരിയാൽ കൈയ്യൊപ്പ് ചാർത്തി കുവൈറ്റിലെ സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ പ്രവർത്തന രംഗത്തെ നിറസാന്നിധ്യവുമായ കൊല്ലം കരുനാഗപ്പള്ളി സ്വദേശി സലിം രാജിന് പ്രവാസി ജീവിതം മതിയാക്കി നാട്ടിലേക്ക് മടങ്ങുന്നതിന്റെ ഭാഗമായി ഫോക്കസ് കുവൈറ്റ് യാത്രയയപ്പ് നൽകി. ഫോക്കസിന്റെ ഇപ്പോഴത്തെ ഉപദേശകസമതി അംഗവും സംഘടനയുടെ മുൻകാല പ്രസിഡന്റുമായിരുന്ന സലിം രാജ് ബ്രിട്ടീഷ് ലിങ്ക് കുവൈറ്റ് അലുമിനിയം കമ്പനി ഡ്രാഫ്റ്റ്സ്മാനുമാണ്.




സലിം രാജിന് ഫോക്കസ് കുവൈറ്റ് യാത്രയയപ്പ് നൽകിയപ്പോൾ

ഫോക്കസ് കുവൈറ്റിന്റെ പ്രസിഡന്റ് ജിജി മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ജനറൽ സെക്രട്ടറി ഷഹീദ് ലബ്ബ സ്വാഗതം പറഞ്ഞു. തുടർന്ന് സലിം രാജിനെ കുറിച്ചുള്ള ഓർമകൾ വീഡിയോ രൂപത്തിൽ പ്രദർശിപ്പിക്കുകയും ലഘു വിവരണം ട്രഷറർ ജേക്കബ് ജോൺ അവതരിപ്പിക്കുകയും ചെയ്തു. ഫോക്കസിന്റെ വൈസ് പ്രസിഡന്റ് സാജൻ ഫിലിപ്പ്, മുൻ പ്രസിഡന്റുമാരായ തമ്പി ലൂക്കോസ്, ബിനു മാത്യു, രതീഷ്കുമാർ, റോയി എബ്രഹാം, മുൻ ജനറൽ സെക്രട്ടറിമാരായ അനിൽ കെ.ബി, രാജീവ് സി.ആർ ഡാനിയൽ തോമസ്, മുൻ ട്രഷറർമാരായ നിതിൻ കുമാർ, സിറാജുദ്ധീൻ, സി.ഒ കോശി, ഫോക്കസ് യൂണിറ്റ് ഭാരവാഹികളായ മാത്യു ഫിലിപ്പ്, അബ്ദുൽ ഗഫൂർ, എബ്രഹാം ജോർജ്, സന്തോഷ് തോമസ്, വിപിൻ പി.ജെ സുരേഷ്, സത്യൻ എം.ഡി, ഗിരീഷ്, ശ്രീകുമാർ, സന്തോഷ് കുമാർ.പി, ഉജൂബ്, ജിജി കെ. ജോർജ്, സാമുവൽ കൊച്ചു ഉമ്മൻ, സുഗതൻ, സൈമൺ ബേബി, റെജു ചാണ്ടി എന്നിവർ ആശംസകൾ നേർന്നു. ഫോക്കസിന്റെ ഫലകവും പൊന്നാടയും ജിജി മാത്യു സമ്മാനിച്ചു.

റോയ് എബ്രഹാം താൻ വരച്ച സലിം രാജിന്റെ രേഖാ ചിത്രം നൽകി.2006 ൽ ഫോക്കസ് കുവൈറ്റ് നിലവിൽ വന്ന നാൾ മുതൽ ഈ പ്രസ്ഥാനത്തോട് ഒപ്പം ചേർന്ന് നിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞെന്നും ഫോക്കസിന്റെ നേതൃത്വനിരയിലേക്ക് പുതിയ അംഗങ്ങളെ കണ്ടെത്താൻ കഴിഞ്ഞെന്നും വര ഉപജീവന മാർഗമാക്കിയ ഈ പ്രസ്ഥാനം കുവൈറ്റിൽ എന്നും ശക്തമായി നിലനിൽക്കണമെന്നും നേതൃത്വം നൽകാൻ പുതുതലമുറ ഇനിയും മുന്നോട്ട് വരണമെന്നും ഫോക്കസ് നൽകിയ സ്നേഹാദാരത്തിന് നന്ദി പറഞ്ഞു കൊണ്ട് സലിം രാജ് മറുപടി പ്രസംഗത്തിൽ പറഞ്ഞു.സന്തോഷ് തോമസ്, സൂരജ്, നീരജ സൂരജ് എന്നിവർ ഗാനാലപനം നടത്തി. വൈഷ്ണവി രാജീവ്, നിരഞ്ജന സൂരജ്, നീരജ സൂരജ്, ആൻജലിറ്റ രമേഷ് നൃത്തംക്കൊണ്ട് സദസ് മനോഹരമാക്കി. അവതാരകയായ രശ്മി രാജീവ് പ്രോഗ്രാം കോ-ഓർഡിനേറ്റ് ചെയ്തു. ഫോക്കസ് ജോയിന്റ് ട്രഷറർ സജിമോൻ നന്ദി പറഞ്ഞു.

# അയ്യങ്കാളി അനുസ്മരണം സംഘടിപ്പിച്ചു



കോഴിക്കോട്: കേരള ദളിത് ഫെഡറേഷൻ (ഡെമോക്രാറ്റിക്ക്) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മഹാത്മ അയ്യങ്കാളി അനുസ്മരണം സംഘടിപ്പിച്ചു. സംസ്ഥാന രക്ഷാധികാരിയും കെ.പി.സി.സി അംഗവുമായ കെ.വി സുബ്രഹ്മണ്യൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. മത ഫാസിസ്റ്റുകളുടെ പക്കൽ രാജ്യ ഭരണവും രാഷ്ട്രീയ ഫാസിസ്റ്റുകളുടെ കൈയ്യിൽ കേരള ഭരണവും പോയിരിക്കുന്ന ഈ ദുരന്ത കാലത്ത് അയ്യങ്കാളിയുടെ സ്മരണകൾ ആവേശപൂർവ്വം നാട്ടിലെ ജനാധിപത്യ വിശ്വാസികളും മതേതരവാദികളും കൊണ്ടു നടക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കെ.വി സുബ്രഹ്മണ്യൻ ആവശ്യപ്പെട്ടു. ദേവദാസ് കുതിരാടം അധ്യക്ഷത വഹിച്ചു. എം.കെ കണ്ണൻ, സി.കെ രാമൻകുട്ടി, ചന്ദ്രൻ കടക്കനാരി, എ.ടി ദാസൻ, ഇ.പി കാർത്തിയായനി, വി.പി.എം ചന്ദ്രൻ, പി.എം പത്മിനി, സി.കെ മണി, എസ്.കെ ഹരിദാസൻ, രമേശ് ബാബു.എം, ശ്രീജ, ശ്രീധരൻ ബേപ്പൂർ തുടങ്ങിയവർ സംസാരിച്ചു.

കേരള ദളിത് ഫെഡറേഷൻ (ഡെമോക്രാറ്റിക്ക്) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മഹാത്മ അയ്യങ്കാളി അനുസ്മരണത്തിൽ നിന്ന്



നല്ലളം സബ് സ്റ്റേഷനിലെ സൗരോർജ വൈദ്യുതി നിലയത്തിന്റെ സ്വിച്ച് ഓൺ കർമം മേയർ ഡോ. ബീന ഫിലിപ്പ് നിർവഹിക്കുന്നു



മർകസ് നോളജ് സിറ്റിയിൽ വച്ച് സംഘടിപ്പിച്ച ഹയർ സ്പോട്ട് തൊഴിൽ മേളയിൽ നിന്ന്

## മർകസ് നോളജ് സിറ്റിയിൽ ഹയർ സ്പോട്ട് തൊഴിൽ മേള സംഘടിപ്പിച്ചു

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയിൽ ഉദ്യോഗാർഥികൾക്കായി ഹയർ സ്പോട്ട് തൊഴിൽ മേള സംഘടിപ്പിച്ചു. നോളജ് സിറ്റിയിലെ വിവിധ സ്ഥാപനങ്ങളിലും പത്തോളം സ്വകാര്യ കമ്പനികളിലുമായി അഞ്ഞൂറിൽ പരം തൊഴിലവരങ്ങളിലേക്കാണ് അഭിമുഖം നടന്നത്. ആയിരക്കണക്കിന് ഉദ്യോഗാർഥികൾ പങ്കെടുത്തു. തെരഞ്ഞെടുക്കപ്പെടുന്ന യോഗ്യരെ തുടർ നടപടികൾക്കായി പിന്നീട് ബന്ധപ്പെടുമെന്ന് സംഘാടകർ അറിയിച്ചു. മർകസ് നോളജ് സിറ്റി മാനേജിംഗ് ഡയരക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി, സി.എ.ഒ അഡ്വ. തൻവീൻ ഉമർ, അക്കാദമിക് ഡയരക്ടർ ഡോ. അമീർ ഹസൻ എന്നിവർ ഉദ്യോഗാർഥികളുമായി സംവദിച്ചു.

## ബക്രീദ് പ്രമാണിച്ച് ഖാദിക്ക് 30 ശതമാനം ഗവ.റിബേറ്റ്

കോഴിക്കോട്: ബക്രീദ് പ്രമാണിച്ച് മിഠായിത്തെരുവ് ഖാദി ഗ്രാമോദ്യോഗ് എമ്പോറിയത്തിൽ ഖാദി ബക്രീദ് മേളക്ക് തുടക്കമായി. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ വിപുലമായ ശേഖരം തന്നെ ഖാദി ഗ്രാമോദ്യോഗ് എമ്പോറിയത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ദോത്തികൾ, ലുങ്കികൾ, കാവി കുപ്പടങ്ങൾ, ബെഡ്ഷീറ്റ്, സാരികൾ, റെഡിമെയ്ഡുകൾ, ഉന്നം നിറച്ച കിടക്കകൾ തുടങ്ങിയ കോട്ടൺ, സിൽക്ക് തുണിത്തരങ്ങൾക്ക് 30 ശതമാനം റിബേറ്റ് മേളയിലൂടെ ലഭിക്കും.

ഖാദി തുണിത്തരങ്ങൾക്ക് പുറമേ കരകൗശല വസ്തുക്കൾ, ഫർണീച്ചർ-ലതർ ഉൽപ്പന്നങ്ങൾ, ആയുർവേദ സൗന്ദര്യ വർധക വസ്തുക്കൾ, മൺപാത്രങ്ങൾ തുടങ്ങി നിരവധി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളും ഖാദി ഗ്രാമോദ്യോഗ് എമ്പോറിയത്തിൽ നിന്നും ലഭിക്കും. മേളയോടനുബന്ധിച്ച് നടന്ന സ്പെഷ്യൽ റിബേറ്റിന്റെ ഉദ്ഘാടനം കൗൺസിലർ എസ്.കെ അബൂബക്കർ നിർവഹിച്ചു. കോഴിക്കോട് സർവ്വോദയ സംഘം പ്രസിഡന്റ് കെ.കെ മുരളീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പി.ടി ധർമരാജ് ആദ്യ വിൽപ്പന ഏറ്റുവാങ്ങി.

സംഘം വൈസ് പ്രസിഡന്റ് ജി.എം സിജിത്ത്, ട്രഷറർ എ.കെ ശ്യാംപ്രസാദ്, എം.പ്രകാശൻ, എമ്പോറിയം മാനേജർ കെ.വിനോദ്കുമാർ എന്നിവർ സംസാരിച്ചു. കോഴിക്കോട് സർവോദയ സംഘം പുറത്തിറക്കിയ സർവോദയ കോക്കനട്ട് ഓയിലിന്റെ ആദ്യ വിൽപ്പന കൗൺസിലർക്ക് നൽകിക്കൊണ്ട് ചടങ്ങിൽ വച്ച് നിർവഹിച്ചു. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പലിശരഹിത തവണ വ്യവസ്ഥകളിലൂടെ സാധനങ്ങൾ സ്വന്തമാക്കുന്നതിനുള്ള അവസരവും ഏർപ്പെടുത്തിയിട്ടുണ്ട്. രാവിലെ 10 മണിമുതൽ രാത്രി എട്ടുമണിവരെയാണ് സന്ദർശന സമയം. മേളക്ക് 27ന് സമാപനമാകും.



ഖാദി സ്പെഷ്യൽ റിബേറ്റിന്റെ ഉദ്ഘാടനം കൗൺസിലർ എസ്.കെ അബൂബക്കർ, പി.ടി ധർമരാജിന് ആദ്യ വിൽപ്പന നടത്തി നിർവഹിച്ചപ്പോൾ

## ഭിന്നശേഷിയുള്ള കുട്ടികളെ ചേർത്തുനിർത്തേണ്ടത് അനിവാര്യം: റഷീദലി ശിഹാബ് തങ്ങൾ

കോഴിക്കോട്: ഭിന്നശേഷി കുട്ടികളെ ചേർത്ത് പിടിച്ച് ഒപ്പം നിർത്തേണ്ടത് അനിവാര്യമാണെന്ന് വഖഫ് ബോർഡ് മുൻ ചെയർമാർ പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ പറഞ്ഞു. മെഡിക്കൽ കോളേജ് സി.എച്ച് സെന്റർ സംഘടിപ്പിച്ച ഭിന്നശേഷി കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അവരുടെ സംരക്ഷണവും പൂർണ ഉത്തരവാദിത്വവും ആരോഗ്യപരമായും മറ്റു രീതിയിലുള്ള സഹായങ്ങളും അനിവാര്യമെങ്കിൽ അതെല്ലാം ചെയ്തു കൊടുത്തുകൊണ്ട് വിദ്യാഭ്യാസപരമായി ഉയർത്തി കൊണ്ടുവരികയും മറ്റുള്ള കുട്ടികളോടൊപ്പം ഇടപഴകാനും കളിക്കാനുമുള്ള സാഹചര്യം ഒരുക്കികൊടുത്തും സമൂഹത്തിന്റെ കൂടെ ചേർക്കാൻ നാം സന്നദ്ധരാവണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. വഖഫ് ബോർഡ് ചെയർമാനായപ്പോൾ കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പെൻഷൻ പദ്ധതിയിൽ ആയിരം രൂപ പാസാക്കിയിരുന്നതായും തങ്ങൾ കൂട്ടിച്ചേർത്തു. സെന്റർ പ്രസിഡന്റ് കെ.പി കോയ ഹാജി അധ്യക്ഷത വഹിച്ചു.

സി. എച്ച് സെന്റർ ദമാം ചാപ്റ്റർ പ്രസിഡന്റ് മൊയ്തീൻ വെണ്ണക്കാട്, പെരുവയൽ പഞ്ചായത്ത് അംഗം ബിജു ശിവദാസൻ, സെന്റർ വൈസ് പ്രസിഡന്റ് മരക്കാർ ഹാജി, സെക്രട്ടറി അരിയിൽ മൊയ്തീൻ ഹാജി, ജനറൽ മാനേജർ അബ്ദു റഹിമാൻ, നാസർ മാസ്റ്റർ ആയഞ്ചേരി , പി.സി ഖാദർ ഹാജി സംസാരിച്ചു. ട്രഷറർ ടി.പി മുഹമ്മദ് സ്വാഗതവും സെക്രട്ടറി ഒ.ഹുസൈൻ നന്ദിയും പറഞ്ഞു. തുടർന്ന് റിൻസി മൂസ നേതൃത്വം നൽകിയ കലാവിരുന്ന് അരങ്ങേറി.




സി.എച്ച് സെന്റർ സംഘടിപ്പിച്ച ഭിന്നശേഷി കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ




ഒമ്പതാമത് അന്തർദേശീയ യോഗ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം സമുദ്ര ഓഡിറ്റോറിയത്തിൽ മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിക്കുന്നു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ സമീപം




മടിത്തട്ട് പോളി ക്ലിനിക്കും വടകര എയ്ഞ്ചൽസും സംയുക്തമായി സംഘടിപ്പിച്ച ജീവൻരക്ഷാ പരിശീലന ക്ലാസ് വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ഗിരിജ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## കുടുംബശ്രീക്കും സ്റ്റുഡന്റ് പോലിസിനും ജീവൻരക്ഷാ പരിശീലനം ഒരുക്കി

നാദാപുരം:യു.എൽ.സി.സി.എസ് ഫൗണ്ടേഷൻ വയോജനങ്ങൾക്കായി ആരംഭിച്ച പകൽവീടായ മടിത്തട്ടിൽ പ്രവർത്തിക്കുന്ന മടിത്തട്ട് പോളി ക്ലിനിക്കും വടകര എയ്ഞ്ചൽസും സംയുക്തമായി ജീവൻരക്ഷാപരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഗ്രാമപ്പഞ്ചായത്തിലെ തിരഞ്ഞെടുത്ത കുടുംബശ്രീ, സ്റ്റുഡന്റ് പോലിസ് അംഗങ്ങൾക്കായിരുന്നു പരിശീലനം. മടിത്തട്ട് ഹാളിൽ നടന്ന ചടങ്ങ് വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ഗിരിജ ഉദ്ഘാടനം ചെയ്തു. യു.എൽ.സി.സി.എസ് ചെയർമാൻ രമേശൻ പാലേരി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വാർഡ് മെമ്പർമാരായ ബിന്ദു വള്ളിൽ, ശൈലജ കോയിലോത്ത്, മുഖ്യ പരിശീലകൻ ഡോ. കെ. എം. അബ്ദുള്ള, എയ്ഞ്ചൽസ് ജില്ലാ എക്സിക്യൂട്ടീവ് ഡയരക്ടർ പി.പി രാജൻ, കാരക്കാട് ആത്മവിദ്യാസംഘം പ്രസിഡന്റ് പി. മോഹനൻ, യു.എൽ.സി.സി.എസ് എം.ഡി എസ്. ഷാജു, മടിത്തട്ട് ക്ലിനിക് ഡോക്ടർ മുനീർ ഷഹസാദ്, യു.എൽ.സി.സി.എസ് ഫൗണ്ടേഷൻ ഡയരക്ടർ ഡോ. എം.കെ ജയരാജ്, മടിത്തട്ട് പ്രോജക്ട് കോ-ഓർഡിനേറ്റർ പി.കെ ശിവപ്രകാശ് തുടങ്ങിയവർ സംസാരിച്ചു.

## എല്ലാ വിഷയത്തിലും പ്രതികരിക്കുന്ന ബുദ്ധിജീവികൾ എവിടെ പോയി: കെ. മുരളീധരൻ എം.പി

കോഴിക്കോട്: യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് എല്ലാ വിഷയത്തിലും പ്രതികരിക്കുന്ന ബുദ്ധിജീവികൾ എവിടെ പോയെന്ന്കെ. മുരളീധരൻ എം.പി ചോദിച്ചു. മെഡിക്കൽ കോളേജിന് മുന്നിൽ ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സത്യഗ്രഹ സമരത്തിന്റെ 27-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതിക്കായി ഹർഷിന നടത്തുന്ന സമരം കാണുന്നില്ലേ, സർക്കാർ മെഡിക്കൽ കോളേജിൽ നിന്നാണ് അവരുടെ ശരീരത്തിൽ കത്രിക അകപ്പെട്ടത്, അഞ്ച് വർഷം അതിന്റെ ദുരിതം അവർ അനുഭവിച്ചു, ഇതിന് ഉത്തരവാദി സർക്കാരാണ്. ആരോഗ്യ വകുപ്പ് മന്ത്രി മാർച്ച് നാലിന് മെഡിക്കൽ കോളേജിൽ വച്ച് നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പുകൾ നടപ്പിലാക്കണം. ഇവിടെ ശസ്ത്രക്രിയകൾക്കിടയിൽ കത്രികയും പഞ്ഞി കെട്ടുകളും വെച്ചു മറക്കുന്നു, സർക്കാർ ആശുപത്രികളിലെ ചികിത്സ പിഴവുകൾ മൂലം പാവപ്പെട്ടവർ ദുരിതം അനുഭവിക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ വീഴ്ചക്കെതിരേ ഹർഷിന നടത്തുന്ന സമരത്തിന് പ്രസക്തി വർധിക്കുകയാണ്. ഈ സമരത്തിന് എല്ലാ പിന്തുണയും ഉണ്ടാകുമെന്നും ഈ സമരം വിജയിക്കുമെന്നും അദ്ദേഹം പറഞ്ഞു. സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ. പ്രവീൺ കുമാർ, സി.പി വിശ്വനാഥൻ, ഗിരീഷ് താമരശ്ശേരി തുടങ്ങിയവർ പങ്കെടുത്തു. സർവോദയ മണ്ഡലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റുകൂടിയായ ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ, സർവോദയ മണ്ഡലം സംസ്ഥാന വൈസ് പ്രസിഡന്റ് ടി. ബാലകൃഷ്ണൻ, ജില്ലാ പ്രസിഡന്റ് പത്മിനി ടീച്ചർ, ജില്ലാ സെക്രട്ടറി പി.പി ഉണ്ണികൃഷ്ണൻ എന്നിവർ സമരപന്തലിൽ എത്തി പിന്തുണ അറിയിച്ചു. സമരസമിതി ഭാരവാഹികളായ എം.ടി സേതുമാധവൻ, എം.വി അബ്ദുല്ലത്തീഫ്, മഹറൂഫ് മണക്കടവ്, ഷൗക്കത്ത് വിരിപ്പിൽ, പി.ടി സന്തോഷ് കുമാർ, ബാബു കുനിയിൽ, റാഷിദ് പടനിലം തുടങ്ങിയവർ നേതൃത്വം നൽകി.




ഹർഷിന കെ.കെ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സത്യഗ്രഹ സമരത്തിന്റെ 27-ാം ദിവസം സമരപന്തൽ സന്ദർശിച്ച് സംസാരിക്കുന്ന കെ. മുരളീധരൻ എം.പി

# ഇന്റർ കോണ്ടിനെന്റൽ കപ്പ് ഇന്ത്യക്ക്

## ഫൈനലിൽ ലെബനാനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി

ഭുവനേശ്വർ: രണ്ടാം തവണയും ഇന്റർ കോണ്ടിനെന്റൽ കപ്പിൽ മുത്തമിട്ട് ഇന്ത്യ. ഫൈനലിൽ ലെബനാനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ക്യാപ്റ്റൻ സുനിൽ ഛേത്രിയും ലാലിയൻസ്വാല ചാങ്തെയുമാണ് ഇന്ത്യക്ക് വേണ്ടി ഗോളുകൾ കണ്ടെത്തിയത്. ഗോൾ രഹിതമായ ആദ്യ പകുതിയിൽനിന്നും രണ്ടാം പകുതിയിലേക്കെത്തിയപ്പോൾ ആവേശോജ്ജ്വല കളിയാണ് ടീം ഇന്ത്യ പുറത്തെടുത്തത്. അത് ഫലം കാണുകയും ചെയ്തു.

രണ്ടാം പകുതിയുടെ ആദ്യ മിനിട്ടിൽ തന്നെ ക്യാപ്റ്റൻ ഛേത്രി ഇന്ത്യക്ക് ആദ്യ ലീഡ് സമ്മാനിച്ചു. വലത് വിങ്ങിൽ നിഖിൽ പൂജാരിയുടെ ബാക്ക് ഹീൽ നട്മെഗിൽ നിന്ന് ചാങ്തെ ലെബനാൻ ഡിഫൻഡറെ വെട്ടിച്ച് നൽകിയ അസിസ്റ്റ് സ്വീകരിച്ച് സുനിൽ ഛേത്രി



ഇന്റർ കോണ്ടിനെന്റൽ കപ്പുമായി ഇന്ത്യൻ ടീം

ഫിനിഷ് ചെയ്യുകയായിരുന്നു.ഇന്ത്യക്ക് വേണ്ടി 87ാമത് അന്താരാഷ്ട്രഗോളാണ് ഛേത്രി നേടുന്നത്. 65ാം മിനിട്ടിൽ ചാങ്തേയിലൂടെ ഇന്ത്യ ലീഡ് രണ്ടാക്കി ഉയർത്തി. ഇടംകാൽ കൊണ്ട് ചാങ്തെ തൊടുത്ത ഷോട്ട് ലെബനാൻ ഗോളി അലി സാബയെ കാഴ്ചക്കാരനാക്കി വലയിൽ തുളച്ചുകയറി. ഇതോടുകൂടി സമ്മർദത്തിലായ ലെബനാന് പിന്നീട് കളിയിലേക്ക് തിരിച്ചു വരാനായില്ല.

എതിരില്ലാത്ത രണ്ട് ഗോളിന്റെ ജയത്തോടുകൂടി ഇഗോർ സ്റ്റിമാകിന്റെ ചുണക്കുട്ടികൾ കോണ്ടിനെന്റൽ കപ്പ് വീണ്ടുമുയർത്തി. ഇന്ത്യ, ലെബനൻ, മംഗോളിയ, വനൗതു എന്നീ രാജ്യങ്ങൾ പങ്കെടുത്ത ചാംപ്യൻഷിപ്പിൽ പ്രാഥമിക റൗണ്ടിലെ ആദ്യ രണ്ടു സ്ഥാനക്കാരായാണ് ഇന്ത്യയും ലെബനനും ഫൈനലിലെത്തിയത്.

2018ൽ മുംബൈയിൽ നടന്ന ആദ്യ ഇന്റർ കോണ്ടിനെന്റൽ കപ്പിൽ കെനിയയെ 2-0ന് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം നേടിയത്. 2019ൽ കൊറിയയാണ് ചാംപ്യൻമാരായത്. കൊവിഡിനെ തുടർന്ന് പിന്നീടുള്ള വർഷങ്ങളിൽ ചാംച്യൻഷിപ്പ് നടത്തിയിരുന്നില്ല.



ഇന്തോനേഷ്യൻ ഓപ്പൺ കിരീടത്തിൽ വിജയികളായ സ്വാതിക് സായ്‌രാജും ചിരാഗ് ഷെട്ടിയും മെഡലുകളുമായി

# ഇന്തോനേഷ്യൻ ഓപ്പൺ കിരീടത്തിൽ മുത്തമിട്ട് സാത്വിക്– ചിരാഗ് സഖ്യം

ജക്കാർത്ത: ഇന്തോനേഷ്യൻ ഓപ്പൺ 2023 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യക്ക് ചരിത്ര നേട്ടം. പുരുഷൻമാരുടെ ഡബിൾസിൽ സാത്വിക് സായ്‌രാജ്-ചിരാഗ് ഷെട്ടി സഖ്യം കിരീടം സ്വന്തമാക്കി. മലേഷ്യയുടെ ലോക ഒന്നാം നമ്പർ സഖ്യമായ ആരോൺ ചിയ -സോ വൂയി ഡിക് കൂട്ടുകെട്ടിനെ 21-17, 21-18 എന്ന സ്കോറിനാണ് ഇന്ത്യൻ സഖ്യം ഫൈനലിൽ പരാജയപ്പെടുത്തിയത്. ഇതോടെ സൂപ്പർ 1000 ടൂർണമെന്റിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ സഖ്യമെന്ന ചിരിത്ര നേട്ടത്തിനർഹരായി ഇരുവരും. 43 മിനിട്ട് മാത്രം നീണ്ടുനിന്ന പോരാട്ടത്തിനൊടുവിലാണ് സാത്വിക് സാത്രാജ്-ചിരാഗ് ഷെട്ടി സഖ്യം ജയിച്ചു കയറിയത്. മത്സരത്തിന്റെ തുടക്കത്തിൽ മലേഷ്യൻ സഖ്യം മികച്ച പ്രകടനമായിരുന്ന കാഴ്ച വച്ചിരുന്നത്. എന്നാൽ ഇന്ത്യൻ സഖ്യം ശക്തമായി തന്നെ ട്രാക്കിലേക്ക് വരികയും വീരേതിഹാസം രചിക്കുകയുമായിരുന്നു. ജയത്തോടുകൂടി സൂപ്പർ 1000, സൂപ്പർ 750, സൂപ്പർ 500, സൂപ്പർ 300, സൂപ്പർ 100 ടൂർണമെന്റുകളിലെല്ലാം കിരീടം നേട്ടം സ്വന്തമാക്കാൻ ഇന്ത്യൻ സഖ്യത്തിന് കഴിഞ്ഞു.

# യുവേഫ നാഷൻസ് ലീഗിൽ സ്പാനിഷ് വിജയഗാഥ

## ഫൈനലിൽ പെനാൽട്ടി ഷൂട്ടൗട്ടിൽ 5–4ന് ക്രൊയേഷ്യയെ പരാജയപ്പെടുത്തി

## നാഷൻസ് ലീഗിൽ സ്പെയിനിന്റെ കന്നിക്കിരീം, ലൂക്കാ മോഡ്രിച്ചിന് നിരാശ




റോട്ടർഡാം: ഫൈനലിൽ ക്രൊയേഷ്യയെ പരാജയപ്പെടുത്തി യുവേവ നാഷൻസ് ലീഗ് കിരീടം സ്വന്തമാക്കി സ്പെയിൻ. നിശ്ചിത സമയത്തും അധികസമയത്തും ഗോൾ പിറക്കാതിരുന്ന മത്സരത്തിൽ പെനാൽട്ടി ഷൂട്ടൗട്ടിലൂടെയാണ് സ്പെയിൻ വിജയത്തിലേക്കെത്തിയത്. കിരീട നേട്ടത്തോടു കൂടി ഫ്രാൻസിനുശേഷം ലോകകപ്പും യൂറോ കപ്പും നാഷൻസ് ലീഗും നേടുന്ന രണ്ടാമത്തെ ടീമായി സ്പെയിൻ. 2021ലായിരുന്നു ഫ്രാൻസിന്റെ നേട്ടം. 2012 യൂറോകപ്പിന് ശേഷം സ്പെയിനിന്റെ ആദ്യ രാജ്യാന്തര കിരീട നേട്ടമാണിത്. അതേ സമയം നിർഭാഗ്യം വീണ്ടും വേട്ടയാടിയപ്പോൾ ഒരു രാജ്യാന്തര കിരീട നേട്ടത്തോടുകൂടി സുവർണ തലമുറക്ക് പടിയിറങ്ങാമെന്ന ക്രൊയേഷ്യയുടേയുംസൂപ്പർ താരം ലൂക്കാ മോഡ്രിച്ചിന്റേയും മോഹമാണ് പൊലിഞ്ഞത്

ഇരു ടീമുകളുടേയും ഗോളികൾ പാറപോലെ ഉറച്ചു നിന്ന മത്സരത്തിൽ ഗോളിലേക്കുള്ള വഴികൾ അടഞ്ഞുനിന്നു. സ്പെയിനായി ഉനായ് സിമോണും ക്രൊയേഷ്യക്കായി ലിവാക്കോവിച്ചും ഗോൾ പോസ്റ്റിന് മുന്നിൽ കോട്ട കെട്ടി. ഇരു ടീമുകൾക്കും നിരവധി അവസരങ്ങൾ ലഭിച്ചിരുന്നെങ്കിലും അതൊന്നും ഗോളാക്കി മാറ്റാൻ കഴിഞ്ഞില്ല. പെനാൽട്ടി ഷൂട്ടൗട്ടിൽ ഇരു ടീമുകളുടേയും ആദ്യത്തെ മൂന്ന് കിക്കുകൾ ലക്ഷ്യംകണ്ടു. എന്നാൽ നാലാം കിക്കെടുത്ത് ക്രൊയേഷ്യയുടെ ലോവ്‌റോയ്ക്ക് പിഴച്ചു. ഉനായ് സിമോണിന്റെ തകർപ്പൻ സേവിലൂടെ മത്സരത്തിൽ സ്പെയിനിന് മുൻതൂക്കം ലഭിച്ചു. എന്നാൽ സ്പെയ്നിന്റെ നാലാം കിക്ക് പിഴച്ചു. അയ്മെറിക് ലാപോർട്ടയുടെ കിക്ക് ക്രോസ് ബാറിൽ തട്ടി പുറേത്തക്ക് തെറിച്ചു. ഇതോടെ ഇരു ടീമുകളുടേയും അവസാന കിക്ക് നിർണായകമായി. ക്രൊയേഷ്യുടെ അവസാന കിക്കെടുത്ത പെട്കോവിച്ചിന്റെ ഷോട്ടും ഉനായ് സിമോൺ തടഞ്ഞു. സ്പെയിനിന്റെ അവസാന കിക്ക് ലക്ഷ്യത്തിലെത്തിച്ച് കാർവഹാൽ സ്പെയിനിനെ ആദ്യ യുവേഫ നാഷൻസ് ലീഗ് കിരീടമെന്ന നേട്ടത്തിലേക്കെത്തിച്ചു.

ക്രൊയേഷ്യയെ തോൽപ്പിച്ച് യുവേഫ നാഷൻസ് ലീഗ് കിരീടം നേടിയ സ്പാനിഷ് ടീമിന്റെ ആഹ്ലാദം

# കേരളത്തിൽ ബലി പെരുന്നാൾ 29ന്

തിരുവനന്തപുരം: അറബിമാസം ദുൽഖഅ്ദ് 30 പൂർത്തിയാക്കി കേരളത്തിൽ ബലി പെരുന്നാൾ 29 വ്യാഴാഴ്ച. ദുൽഖഅ്ദ് 29 ഞായറാഴ്ച മാസപ്പിറവി ദൃശ്യമായ വിവരങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ തിങ്കളാഴ്ച ദുൽഖഅ്ദ് 30 പൂർത്തീകരിച്ച് ചൊവ്വാഴ്ച ദുൽഹജ്ജ് ഒന്നും ജൂൺ 29 വ്യാഴാഴ്ച ബലി പെരുന്നാളുമായിരിക്കുമെന്ന് പാളയം ഇമാം ഡോ. വി.പി സുഹൈബ് മൗലവിയും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജന.സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി



യും അറിയിച്ചു. ഗൾഫ് രാജ്യങ്ങളിൽ ബലി പെരുന്നാൾ 28ന് ആയിരിക്കും. ഹജ്ജിന്റെ സുപ്രധാന ചടങ്ങായ അറഫാ സംഗമം 27 ചൊവ്വാഴ്ചയും ബലിപെരുന്നാൾ 28ന് ബുധനാഴ്ചയുമായിരിക്കുമെന്ന് സൗദി സുപ്രീം കോടതി പ്രഖ്യാപിച്ചു.

റിയാദ് നഗരത്തിൽ നിന്ന് 140 കിലോമീറ്റർ വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന താമിർ എന്ന നഗരത്തിൽ ദുൽഹജ്ജ് മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രഖ്യാപനം. ഒമാൻ ഉൾപ്പെടെയുള്ള എല്ലാ ഗൾഫ് രാജ്യങ്ങളിലും ബലി പെരുന്നാൾ ജൂൺ 28 ബുധനാഴ്ചയായിരിക്കും.

# ഇന്ത്യൻ മാതാപിതാക്കൾക്ക് സ്വന്തം കുഞ്ഞിനെ വിട്ടുനൽകാതെ ജർമൻ കോടതി

ബെർലിൻ: ജർമനിയിൽ ശിശുസംരക്ഷണ വകുപ്പിന്റെ കസ്റ്റഡിയിലുള്ള കുഞ്ഞിനെ വിട്ടുകിട്ടണമെന്ന മാതാപിതാക്കളുടെ ആവശ്യം നിരസിച്ച് ജർമൻ കോടതി. രണ്ടര വയസ് പ്രായമുള്ള അരിഹാഷായെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് മാതാപിതാക്കളായ ധാര, ഭാവേഷ് ഷാ എന്നിവർ നൽകിയ ഹർജിയാണ് ബെർലിനിലെ പാങ്കോവ് കോടതി തള്ളിയത്. കളിക്കുന്നതിനിടെ അബദ്ധത്തിൽ വീണ് പരുക്കേറ്റത് ലൈംഗികാതിക്രമമാണെന്ന് ആരോപിച്ചാണ് കുട്ടിയെ ശിശുസംരക്ഷണ വകുപ്പ് ഏറ്റെടുത്തത്. ഏഴ് മാസം പ്രായമുള്ളപ്പോൾ 2021 സെപ്റ്റംബർ മുതൽ കുട്ടി ജർമനിയിലെ ബെർലിനിലെ ഒരു കെയർഹോമിലാണ് കഴിയുന്നത്. കുഞ്ഞിനേറ്റ പരുക്ക് ആകസ്മികമാണെന്ന മാതാപിതാക്കളുടെ വാദം തള്ളിയ കോടതി കുട്ടിയുടെ സുരക്ഷിതത്വം മുൻനിർത്തിയാണ് വിട്ടുകൊടുക്കാത്തതെന്നും ന്യായീകരിച്ചു.

കളിക്കുന്നതിനിടെ കുട്ടിയുടെ സ്വകാര്യ ഭാഗത്താണ് പരുക്കേറ്റത്. തുടർന്ന് ഭാവേഷും ധാരയും ചേർന്ന് കുട്ടിയെ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി. അതിനിടെ ആശുപത്രി അധികൃതർ ഇവരെ വിളിപ്പിക്കുകയും പരിശോധനയിൽ ലൈംഗികാതിക്രമം നടന്നതിന്റെ സൂചനയുണ്ടെന്ന് പറയുകയും ചെയ്തു. കുട്ടിക്ക് പരുക്കേൽക്കുമ്പോൾ മുത്തശ്ശി ഒപ്പമുണ്ടായിരുന്നുവെന്ന് മാതാപിതാക്കൾ പറഞ്ഞുവെങ്കിലും ആശുപത്രി അധികൃതർ റിപ്പോർട്ട് നൽകുകയായിരുന്നു. തുടർന്ന് അരിഹയെ ജർമനിയിലെ കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന വകുപ്പ് ഏറ്റെടുത്തു. ജർമൻ നിയമം അനുസരിച്ച് കുട്ടികൾ ഏതെങ്കിലും തരത്തിൽ വീടുകളിൽ അക്രമത്തിനിരയായാൽ ഉടനടി ബന്ധപ്പെട്ട വകുപ്പുകൾ കുഞ്ഞുങ്ങളെ ഏറ്റെടുക്കും. അതേസമയം ഈ സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ജർമൻ പോലിസ് പിന്നീട് കുട്ടിയെ വിശദ പരിശോധനയ്ക്ക് വിധേയമാക്കുകയും ലൈംഗികാതിക്രമം നടന്നിട്ടില്ലെന്ന് വ്യക്തമാവുകയും ചെയ്തു. ഇതേ തുടർന്ന് മാതാപിതാക്കൾക്കെതിരെയുള്ള ലൈംഗികാതിക്രമ കുറ്റം പിൻവലിച്ചു. എന്നാൽ കുട്ടിയെ വിട്ടുകൊടുക്കാൻ ജർമൻ അധികൃതർ തയ്യാറായില്ല.

പരുക്കിന് കാരണക്കാരാണോ എന്ന് കണ്ടെത്താനാകാത്തതിനെ തുടർന്നാണ് ഇവർക്കെതിരേയുള്ള കേസ് പിൻവലിച്ചതെന്നും കുട്ടിയുടെ സുരക്ഷയ്ക്ക് വീഴ്ചയുണ്ടായെന്നും ആ കുറ്റം നിലനിൽക്കുമെന്നുമാണ് അധികൃതരുടെ വാദം. ഇതിനിടെ രണ്ടാഴ്ചയിലൊരിക്കൽ കുഞ്ഞിനെ കാണാൻ ഇവർക്ക് കോടതി അനുമതി നൽകി. പിന്നീട് കുഞ്ഞിന്റെ പൂർണ സംരക്ഷണാവകാശം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയാണ് ഇപ്പോൾ കോടതി തള്ളിയത്. അതേസമയം സംഭവത്തിൽ ഇന്ത്യയിൽ നിന്നുള്ള വിവിധ രാഷ്ട്രീയ പാർട്ടികൾ ഇടപെട്ടിട്ടുണ്ട്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.